## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:5210** **23/05/2017 ൽ മറുപടിക്ക്**

### കൃഷി ഓഫീസർ/ കൃഷി അസിസ്റ്റന്റ് തസ്തികകളിലെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.വി.ഇബ്രാഹിം:** | **ശ്രീ.വി. എസ്. സുനിൽകുമാർ (കൃഷിവകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് തസ്തികകളിൽ ഒഴിവുണ്ടോ എന്നറിയിക്കാമോ; | (എ) ഒഴിവുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഒഴിവുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (ബി) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. |

| ജില്ല | കൃഷി ഓഫീസർ | കൃഷി അസിസ്റ്റന്റ് |
|---|---|---|
| തിരുവനന്തപുരം | 1 | - |
| കൊല്ലം | 1 | - |
| പത്തനംതിട്ട | 1 | - |
| ആലപ്പുഴ | 3 | - |
| കോട്ടയം | 3 | - |
| ഇടുക്കി | 11 | 1 |
| എറണാകുളം | 4 | - |
| തൃശ്ശൂർ | 5 | 3 |
| പാലക്കാട് | 23 | 1 |
| മലപ്പുറം | 13 | 1 |
| കോഴിക്കോട് | 12 | 5 |
| വയനാട് | 5 | - |
| കണ്ണൂർ | 21 | 9 |
| കാസർഗോഡ് | 11 | - |
| ആകെ | **114** | **20** |

| | | | |
|---|---|---|---|
| (സി) | ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ; | (സി) & | സംസ്ഥാനത്ത് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി ഓഫീസർ തസ്തികയിൽ നിലവിലുണ്ടായിരുന്ന ആകെയുള്ള 173 ഒഴിവുകളിൽ വകുപ്പുതല പ്രൊമോഷൻ മുഖേന നികത്തേണ്ട 15 ഒഴിവുകൾ കഴിച്ച് ആകെ 159 കൃഷി ഓഫീസർമാരുടെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത തസ്തികകളിൽ താൽക്കാലിക നിയമനത്തിനുള്ള അനുവാദം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി ) | മേൽ പ്രകാരമുള്ള ഒഴിവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 33 പേർക്കും, കരാർ അടിസ്ഥാനത്തിൽ 26 പേർക്കും നിയമനം നൽകിയിട്ടുണ്ട്. കൃഷി ഓഫീസർ തസ്തികയിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലില്ല.പി.എസ്.സി. ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൃഷി അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള 20 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**